പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1812 — 12.06.2019-ലെ മറുപടിക്ക്

# ആരോഗ്യ പ്രശ്നങ്ങളാൽ കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാനാകാത്തവർ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ മറ്റ് ജീവനക്കാരെപ്പോലെ കൃത്യമായി ലൈൻ ഡ്യൂട്ടി ചെയ്യാൻ പറ്റാത്തവർക്ക് നൽകാനുള്ള പ്രതിമാസ ശമ്പളം പോലും വർഷങ്ങളോളമായി മുടക്കം വരുത്തുന്ന പ്രവണത കോർപ്പറേഷൻ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പ്രതിമാസ ശമ്പളം നൽകുന്നത് സർക്കാരിന്റെ കൂടി സാമ്പത്തിക സഹായം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. 2018 ഫെബ്രുവരി വരെയുള്ള സപ്ലിമെൻററി സാലറി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. അതിനു ശേഷമുള്ള സപ്ലിമെന്ററി ബില്ലുകൾ കെ.എസ്.ആർ.ടി.സി തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ടി തുക വിതരണം ചെയ്യുന്നതാണ്. |
| (ബി) | ഇത്തരക്കാർക്ക് ശമ്പളം കൃത്യമായി ലഭ്യമാക്കാത്തതുകൊണ്ട് ജീവിക്കാൻ ബുദ്ധിമുട്ടുന്നുണ്ടെന്ന വസ്തുത മുന്തിയ പരിഗണന നൽകി പരിഹരിക്കുമോ; | | |
| (സി) | കോർപ്പറേഷന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇത്തരക്കാരുടെ പ്രതിമാസ ശമ്പളം നൽകാനാവൂ എന്ന നിലപാട് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ; കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിന് അടിയന്തരനിർദ്ദേശം നൽകുമോ; | | |
| (ഡി) | ആരോഗ്യ പ്രശ്നങ്ങൾകൊണ്ട് കൃത്യമായി ലൈൻഡ്യൂട്ടി ചെയ്യാനാവാത്ത കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും അവരവരുടെ അർഹതപ്പെട്ട ശമ്പളം മറ്റ് ജീവനക്കാരുടെ ശമ്പളത്തിനൊപ്പമോ അല്ലെങ്കിൽ അവരുടെ ശമ്പളം വിതരണം നടത്തി ഒരാഴ്ചയ്ക്കകമോ വിതരണം നടത്താതെ സാമ്പത്തിക പരാധീനതയുടെ പേരിൽ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് കടുത്ത തൊഴിൽ അനീതിയാണെന്നതിനാൽ അതവസാനിപ്പിക്കാൻ കർശന നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ